LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാർഷിക സർവ്വകലാശാല ഭരണസമിതിയുടെ 4-10-2013-ൽ കൂടിയ യോഗം, നീലേശ്വരം മുൻസിപ്പാലിറ്റിക്ക് കാർഷിക സർവ്വകലാശാലയുടെ 2 ഏക്കർ സ്ഥലം വിട്ടുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു. നഗരസഭ ആവശ്യപ്പെട്ട 9-ാം ബ്ലോക്കിനുപകരം 5-ാം ബ്ലോക്കിൽ വരുന്ന സ്ഥലം അനുവദിക്കാമെന്നും 28-9-2013-ൽ അറിയിച്ചിരുന്നു. 11-3-2014-ൽ കാർഷിക സർവ്വകലാശാലാ ആസ്ഥാനത്ത് ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ സർവ്വകലാശാലയുടെയും നഗരസഭയുടെയും ഭാരവാഹികൾ/ഉദ്യോഗസ്ഥർ മുതലായവർ പങ്കെടുത്ത് ചർച്ചയിൽ കാർഷിക സർവ്വകലാശാല നിർദ്ദേശിച്ച 5-ാം ബ്ലോക്കിലെ സ്ഥലം നഗരസഭയ്ക്ക് സ്വീകാര്യമായില്ല. സ്ഥലം വിട്ടുകൊടുക്കുന്നതു സംബന്ധിച്ച അന്തിമ തീരുമാനത്തിനായി ഈ വിഷയം കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പക്ഷിപ്പനി-നഷ്ടപരിഹാരം

203 (3489) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത് ;

(ബി) ആലപ്പുഴ ജില്ലയിൽ നവംബർ മാസം ആദ്യം മുതൽ തന്നെ താറാവുകൾ കൂട്ടത്തോടെ ചത്തത് ശ്രദ്ധയിൽപ്പെട്ടിരുന്നുവോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) പക്ഷിപ്പനി സ്ഥിരീകരിക്കുന്നതിനുമുമ്പ് തന്നെ ഈ രോഗം ബാധിച്ച് ചത്ത താറാവുകൾക്കുള്ള നഷ്ടപരിഹാരം കർഷകർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പക്ഷിപ്പനി പ്രതിരോധിക്കുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം കൊല്ലുന്ന താറാവുകൾക്കു മാത്രമേ നഷ്ടപരിഹാരം നൽകുകയുള്ളൂ എന്ന് തീരുമാനം എടുത്തിട്ടുണ്ടോ ;

(ഇ) ഇപ്രകാരം കൊല്ലുന്ന താറാവുകൾക്ക് നഷ്ടപരിഹാരമായി എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്; ഈ തുക അപര്യാപ്തമാണെന്ന കർഷകരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ താറാവിനും 300 രൂപ വീതം നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കൊല്ലുന്ന താറാവുകളെ സംസ്കരിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുമോ ;

(ജി) അമ്പലപ്പുഴ മണ്ഡലത്തിൽ പക്ഷിപ്പനി ബാധിച്ച് എത്ര താറാവുകൾ/കോഴികൾ ചത്തു; എത്ര താറാവുകളെ/കോഴികളെ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൊന്നു; ആകെ എത്ര തുക നഷ്ടപരിഹാരമായി കർഷകർക്ക് നൽകി, വ്യക്തമാക്കാമോ; അമ്പലപ്പുഴ മണ്ഡലത്തിൽ രോഗം ബാധിച്ച പ്രദേശങ്ങളിലേയും സമീപ പ്രദേശങ്ങളിലെയും മുഴുവൻ താറാവുകളെയും കൊന്നു സംസ്കരിച്ചുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്.

(ബി) നവംബർ പകുതിക്കുശേഷം ശ്രദ്ധയിൽപ്പെട്ടിരുന്നു. രോഗകാരണം കണ്ടുപിടിക്കുന്നതിന് തിരുവല്ല ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയിലും തിരുവനന്തപുരം പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലും പരിശോധനകൾ നടത്തി. ഈ പരിശോധനയിലാണ് രോഗം പക്ഷിപ്പനിയാകാം എന്ന പ്രാഥമിക നിഗമനത്തിലെത്തിയത്. രോഗസ്ഥിരീകരണത്തിനായി ബാംഗ്ലൂരിലെ എസ്.ആർ.ഡി.ഡി.എൽ.-ലും, ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലാബിലും അയച്ചു. അവിടെ നിന്നുള്ള 24-11-2014-ലെ സ്ഥിരീകരണത്തിന്റെ അടിസ്ഥാനത്തിലാണ് അനന്തര നടപടികൾ സ്വീകരിച്ചത്. പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്ത ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി എന്നീ പ്രദേശങ്ങളിലെ 1 കി. മീ. ദൂരപരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ, തീറ്റ എന്നിവയുടെ കടത്ത് താത്ക്കാലികമായിനിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടത്തുകയും, ലഘുലേഘകൾ, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) നഷ്ടപരിഹാരത്തിന് അർഹരായ കർഷകരുടെ അപേക്ഷയിന്മേൽ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. പക്ഷിപ്പനി ബാധിച്ച് മരണപ്പെട്ട താറാവുകൾക്കും നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ഇ) ഇപ്രകാരം കൊല്ലുന്ന താറാവുകളിൽ 2 മാസവും അതിൽ കൂടുതലും പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലുമാണ് നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് കർഷകരുടെ രേഖാമൂലമുള്ള പരാതികൾ ലഭിച്ചിട്ടില്ല. 300 രൂപ വീതം നഷ്ടപരിഹാരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) താറാവുകളെ സംസ്കരിക്കുന്നതിനാവശ്യമായ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വഹിക്കുന്നത്.

(ജി) അമ്പലപ്പുഴ മണ്ഡലത്തിൽ പക്ഷിപ്പനി ബാധിച്ച് 4294 പക്ഷികൾ ചത്തു. (5-2-2014 വരെ) 36189 താറാവുകളെയും 895 കോഴികളെയും പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൊന്നു. ആകെ 21,30,400 രൂപ നഷ്ടപരിഹാരമായി കർഷകർക്ക് നൽകി. രോഗബാധ സ്ഥിരീകരിച്ച ഭാഗങ്ങളിലെ മുഴുവൻ പക്ഷികളെയും കൊന്ന് സംസ്കരിച്ചിട്ടുണ്ട്.

റബ്ബറിന്റെ വിലയിടിവ്

204 (3490) ശ്രീ. ജെയിംസ് മാത്യു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ വിലയിടിവ് തടയാൻ സർക്കാർ സ്വീകരിച്ച നടപടിയിൽ റബ്ബർ കർഷകർക്ക് എത്രത്തോളം പ്രയോജനം ഉണ്ടായി എന്നത് വിശദമാക്കാമോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും റബ്ബർ കർഷകർക്ക് പ്രയോജനപ്രദമായ നിർദ്ദേശങ്ങൾ എന്തെങ്കിലും ലഭ്യമായോ എന്നത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്ന നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014 തീയതിയിലെ സ.ഉ.(എം എസ്.) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ

LIBRARY ARCHIVES Kerala Legislative Assembly